**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **20-01-2021 - ൽ മറുപടിയ്ക്ക്**

**പുതുവർഷത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി ഘട്ടം ഘട്ടമായി പ്രഖ്യാപിച്ച നൂറുദിനപദ്ധതികൾക്ക് പുറമേ പുതുവർഷത്തിൽ പത്ത് പദ്ധതികൾ കൂടി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ജനുവരി 2021 -ന് പ്രഖ്യാപിക്കപ്പെട്ട 10 ഇന പരിപാടികൾ താഴെ പറയുന്നവയാണ്. 1. വയോജനങ്ങൾക്കും, മാരകരോഗങ്ങൾ ബാധിക്കപ്പെട്ടവർക്കും, ഭിന്നശേഷിക്കാർക്കും സേവനങ്ങൾ വീട്ടുപടിക്കൽ 2.ഗുണമേന്മയുള്ള വിദ്യാഭ്യാസം നമ്മളെ തേടി 3.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം 4.അഴിമതിമുക്ത പൊതുസേവന രംഗം 5.സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കൽ 6. കുട്ടികളുടെ ആരോഗ്യസുരക്ഷ 7.പ്രകൃതിസൗഹൃദ നിർമ്മാണം പ്രോത്സാഹിപ്പിക്കൽ 8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുഇടങ്ങൾ ഒരുക്കൽ 9. ഡിജിറ്റൽ മീഡിയ സാക്ഷരത മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടി 10. പ്രവാസി ക്ഷേമം |
| (ബി) | സംസ്ഥാനത്ത് ഉന്നതതലത്തിലുള്ള അഴിമതി വൻതോതിൽ വർദ്ധിച്ചതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ ഭാഗമായിട്ടാണോ അതിനായി പ്രത്യേക അതോറിറ്റി രൂപീകരിച്ചതെന്നും പ്രസ്തുത അതോറിറ്റിയുടെ ചുമതല ആർക്കാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ഇല്ല. എന്നാൽ അഴിമതി മുക്ത പൊതുസേവന രംഗം എന്ന പദ്ധതിയിയുടെ ഭാഗമായി, അഴിമതി സംബന്ധിച്ച പരാതികൾ/വിവരം, സോഫ്റ്റ് വെയറിലൂടെ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഒരു അതോറിറ്റിക്ക് സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്രകാരം വിവരം നൽകുന്നയാളിന്റെ പേര് രഹസ്യമായി സൂക്ഷിക്കുന്നതും, പരാതിയുടെ നിജസ്ഥിതി ശാസ്ത്രീയമായ ഫിൽട്ടറിംഗിലൂടെ മനസിലാക്കിയ ശേഷം, ആവശ്യമായ നടപടികൾക്കായി ഈ അതോറിറ്റി സർക്കാരിന് കൈമാറുന്നതും അനന്തരം ഉചിതമായ വകുപ്പുതല / വിജിലൻസ് നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. പൊതുജനങ്ങൾ നേരിടുന്ന അഴിമതി സംബന്ധിച്ചുള്ള പരാതികൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ സർക്കാരിനെ |

| | | | |
|---|---|---|---|
| | | | അറിയിക്കാനുള്ള ഒരു സംവിധാനമാണ്. ഇത് അഴിമതി രഹിത പൊതുസേവനം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. |
| (സി) | ഉന്നത തലത്തിലുള്ളവർ സ്വർണ്ണക്കടത്ത് ഉൾപ്പെടെയുള്ള വിവിധ കേസുകളിൽ പ്രതികളായതും ഇത് സംബന്ധിച്ച കോടതി പരാമർശവും ഇത്തരത്തിലുള്ള അതോറിറ്റി രൂപീകരിക്കുവാൻ സർക്കാരിന് പ്രേരകമായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | ഇല്ല. എന്നാൽ അഴിമതി മുക്ത പൊതുസേവന രംഗം എന്ന പദ്ധതിയിയുടെ ഭാഗമായി, അഴിമതി സംബന്ധിച്ച പരാതികൾ/വിവരം, സോഫ്റ്റ് വെയറിലൂടെ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന ഒരു അതോറിറ്റിക്ക് സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇപ്രകാരം വിവരം നൽകുന്നയാളിന്റെ പേര് രഹസ്യമായി സൂക്ഷിക്കുന്നതും, പരാതിയുടെ നിജസ്ഥിതി ശാസ്ത്രീയമായ ഫിൽട്ടറിംഗിലൂടെ മനസിലാക്കിയ ശേഷം, ആവശ്യമായ നടപടികൾക്കായി ഈ അതോറിറ്റി സർക്കാരിന് കൈമാറുന്നതും അനന്തരം ഉചിതമായ വകുപ്പുതല / വിജിലൻസ് നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. പൊതുജനങ്ങൾ നേരിടുന്ന അഴിമതി സംബന്ധിച്ചുള്ള പരാതികൾ യാതൊരു ബുദ്ധിമുട്ടും കൂടാതെ സർക്കാരിനെ അറിയിക്കാനുള്ള ഒരു സംവിധാനമാണ്. ഇത് അഴിമതി രഹിത പൊതുസേവനം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. |
| (ഡി) | വിജിലൻസ് ഉദ്യോഗസ്ഥരുടെ എണ്ണം അഴിമതിക്കേസുകൾക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് കേസന്വേഷണം കൂടുതൽ വേഗത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | വിജിലൻസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഇ) | കാര്യക്ഷമതയും ഊർജ്ജസ്വലതയുമുള്ള ഉദ്യോഗസ്ഥരെ വിജിലൻസിൽ നിലനിർത്തുന്നതിന് വേണ്ടി ഇരുപത്തിയഞ്ച് ശതമാനം വിജിലൻസ് ഇൻസെന്റീവ് നൽകുന്നതിനും സി.ബി.ഐ.യിൽ ഉള്ളതുപോലെ വൺ സ്റ്റെപ്പ് പ്രൊമോഷൻ നൽകുന്നതിനും വിജിലൻസ് ആന്റ് ആന്റി കറപ്ക്ഷൻ ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സമർപ്പിച്ചിരുന്നു. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ നിയമിതരായിട്ടുള്ള ഉദ്യോഗസ്ഥരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ